LIBRARY ARCHIVES Kerala Legislative Assembly

മടപ്പള്ളി ഗവൺമെന്റ് കോളേജിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ

71 (1107) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മടപ്പള്ളി ഗവൺമെന്റ് കോളേജിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളേജിലെ സയൻസ് ബ്ലോക്കിലെ കെട്ടിടങ്ങൾ മഴക്കാലത്ത് സുരക്ഷിതമല്ലാത്തതിനാൽ ആയത് അറ്റകുറ്റപ്പണികൾ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(സി) കോളേജിലെ അദ്ധ്യാപകരുടെ ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ ;

(ഡി) മേൽപറഞ്ഞ കാര്യങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മടപ്പള്ളി ഗവൺമെന്റ് കോളേജിൽ അറ്റകുറ്റപ്പണികൾക്കായി 17,66,453 രൂപ ചെലവഴിച്ചു.

(ബി) സയൻസ് ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

അപ്ഗ്രേഡ് ചെയ്യപ്പെട്ട വിദ്യാലയങ്ങൾ

72 (1108) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്ഗ്രേഡ് ചെയ്യപ്പെട്ടതും സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുത്തതുമായ വിദ്യാലയങ്ങളിൽ പ്രവർത്തനം ആരംഭിച്ചുവോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരെ അവരുടെ യോഗ്യതയും സേവനകാലയളവും പരിഗണിച്ച് അദ്ധ്യാപകരായോ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായോ നിലനിർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അപ്ഗ്രേഡ് ചെയ്യപ്പെട്ടതും സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുത്തതുമായ വിദ്യാലയങ്ങളിൽ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾക്ക് ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാലാണ് വിദ്യാലയങ്ങൾ തുടങ്ങാൻ താമസം നേരിടുന്നത്.

(ബി) പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക

73 (1109) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക എത്ര ;

(ബി) പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നീ മേഖലകൾക്ക് അനുവദിച്ച തുക പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) ഇതിൽ എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവനും വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ടോ ; എത്ര തുക കിട്ടി ; എനി എത്ര തുക ലഭിക്കാനുണ്ട് ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി എന്നീ ഇനങ്ങളിലായി 1841.45 കോടി രൂപ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly